കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P11/749/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P11/749/2021 തീയ്യതി: 24/09/2021

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-07-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രാജീവ്. ആർ	ഡെപ്യൂട്ടി ഡയറക്ടർ	02-08-2021	18-08-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
02-08-2021	18-08-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലിജിലാൽ.ബി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ജയകൃഷ്ണ.ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.മായാദേവി.സി.എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ്കുമാർ.ജി, സീനി.ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ഇ.ശ്രീദേവി	പ്രസിഡന്റ്	01-04-2019	31-03-2020
സിന്ധു.എസ്	സെക്രട്ടറി	01-04-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ.ആർ.ഗീത	വെറ്റി.സർജൻ	01-04-2019	01-08-2019
ഡോ.ജിൻസി ജോർജ്ജ്	വെറ്റി.സർജൻ	01-08-2019	31-03-2020
ആരതി സെൻ.എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2019	31-03-2020
ഡോ.മനുപ്രഭാകരൻ	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	01-04-2019	31-03-2020
ഡോ.റസീന.വൈ	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	01-04-2019	28-11-2019
ഡോ.രശ്മി എസ് രാജ്	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	28-11-2019	11-03-2020
ഡോ.നൈസി ഖാൻ	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	11-03-2020	31-03-2020
പി.എസ്.രേഖ	ഹെഡ് മിസ്ട്രസ്	01-04-2019	06-06-2019
സണ്ണി.കെ.പി	ഹെഡ്മാസ്റ്റർ	06-06-2019	31-03-2020
മഞ്ജു.സി.ഗോപാൽ	വി.ഇ.ഒ	01-04-2019	31-03-2020
അപ്പൻ.വി.ആർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2019	31-03-2020
രഞ്ജു.എസ്	കൃഷി ഓഫീസർ	01-04-2019	31-03-2020
അമൃത.ടി.മോഹൻ	അസി.സെക്രട്ടറി	01-04-2019	31-03-2020
സി.കെ.ജയരാജ്	അസി.എഞ്ചിനീയർ	03-12-2019	22-12-2019
ഡോ.ബാലലക്ഷ്മി	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2019	30-05-2019
ഒഴിവ്	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-06-2019	02-06-2019
ഡോ.നസിയ എ	മെഡിക്കൽ ഓഫീസർ(ഹോമിയോ)	03-06-2019	31-03-2020
നിത്യ ഗോപിനാഥൻ	അസി. എഞ്ചിനീയർ	01-04-2019	02-12-2019
സി.കെ.ജയരാജ്	അസി. എഞ്ചിനീയർ	03-12-2019	22-12-2019
ഉഷ.ആർ	അസി. എഞ്ചിനീയർ	23-12-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമ പദ്ധതികൾ	1-7
8	ക്യാഷ് വെരിഫിക്കേഷൻ	1-8
9	ആഭ്യന്തരനിയന്ത്രണം	1-9
10	ടെണ്ടർഫീസ് - പഞ്ചായത്തിന് തിരികെ ലഭിക്കനുള്ളത് 37194/-രൂപ	1-10
11	സി.ആർ.ഇസഡ് സോണിലെ അനധികൃതനിർമ്മാണങ്ങൾക്ക് നികുതി നിശ്ചയിക്കാൻ സാധിക്കാതെ വരുന്നു	1-11
12	തൊഴിൽ നികുതി - പൂർണ്ണമായ തോതിൽ പിരിച്ചെടുക്കാൻ കഴിയുന്നില്ല	1-12
13	വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ- 2.50 ലക്ഷത്തിന് മുകളിലുള്ള വാങ്ങലിൽ സോഴ്സിൽ നിന്ന് തുക കുറവ് ചെയ്തില്ല	1-13
14	ബേം കട്ടിങ്ങിന് ക്രമവിരുദ്ധമായി അധിക നിരക്ക്-30827/-രൂപയുടെ അധികചെലവ്	1-14
15	ആനക്കുന്നേൽമുക്ക് നെൽവിളാകം റോഡ് രണ്ടാം മെറ്റലിംഗ്, ടാറിംഗ് & കോൺക്രീറ്റ് ഓടനിർമ്മാണം-രണ്ടു വർഷങ്ങൾക്കു ശേഷവും പ്രവൃത്തി നിർവ്വഹണം പാതിവഴിയിൽ	1-15
16	കാര്യാടിക്കുളം ശക്തികുളങ്ങര റോഡ് സംരക്ഷണം-നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല	1-16
17	ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച	1-17
18	മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി	1-18
19	തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ- രേഖകൾ അപൂർണ്ണം	1-19
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകകളുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-7
8	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-10

അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 14.02.2019 തീയതിയിലെ (I) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു. ബജറ്റ് 11.03.2020-ലെ തീരുമാനം നം.1-2പ്രകാരം പുതുക്കിയിട്ടുണ്ട്.

ഇനം	വരവ്	ചെലവ്
ബജറ്റ് പ്രകാരം	114268886	112503070
വാർഷിക കണക്ക് പ്രകാരം (ഇൻകം& എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)	83739875	84168604

1-2 വാർഷിക ധനകാര്യ പത്രിക

എ) വാർഷിക ധനകാര്യ പത്രിക ലഭിച്ച വിവരം:

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
2020-21	31.07.2020	01.05.2020

ബി) വാർഷിക ധനകാര്യ പത്രിക പരിശോധനാ വിവരം:

1. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂളിലുള്ള ആസ്തി വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2. ബി-4 ഷെഡ്യൂളിലെ അപാകതകൾ:

എ)ഡവലപ്മെന്റ് ഫണ്ട്-ജനറൽ ക്യാപ്പിറ്റൽ& ഡവലപ്മെന്റ് ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനങ്ങളിൽ നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുള്ള തുകകളുടെ (യഥാക്രമം 323490/-, 374955/-)വിശദാംശങ്ങൾ ലഭ്യമല്ല. ഇപ്രകാരം വികസന ഫണ്ട് വകമാറ്റൽ നടന്ന് പഞ്ചായത്ത് അക്കൌണ്ടിൽ നീക്കിയിരിപ്പ് വന്നത് പരിശോധിക്കപ്പെടേണ്ടതുണ്ട്. ഏത് അക്കൌണ്ടിലാണ് തുക വന്നിട്ടുള്ളതെന്നും വ്യക്തമാക്കേണ്ടതുണ്ട്. പരിശോധിച്ച് ടി തുകകൾ സർക്കാരിലേക്ക് ഒടുക്കി എ.എഫ്.എസ്-ൽ കുറവ് ചെയ്യുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്.

ബി)ഗുണഭോക്തൃവിഹിതം ഇനത്തിൽ(ഹെഡ് 320800101) 568277/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ,

മുന്നിരിപ്പ്	438802/-
വരവ്	702896/-
ആകെ	1141698/-
ചെലവ്	573421/-
നീക്കിയിരിപ്പ്	568277/-

ഇങ്ങനെയാണ് കാണുന്നത്. ഗുണഭോക്തൃവിഹിതമിനത്തിലുള്ള വൻ തുക ഇപ്രകാരം മുന്നിരിപ്പും നീക്കിയിരിപ്പും വന്നതിന്റെ വിശദാംശങ്ങൾ(നീക്കിയിരിപ്പ് വന്നത് ഏത് പ്രോജക്ടുമായി ബന്ധപ്പെട്ട്, ചെലവായതിന്റെ വിവരം) ലഭ്യമല്ല. പരിശോധിച്ച് ആവശ്യമെങ്കിൽ തുക ഗുണഭോക്താക്കൾക്ക് മടക്കി നല്കുന്നതാണെന്നാണ് മറുപടി നല്കിയത്.

3. ബി-7 ഷെഡ്യൂൾ: 10/2015-ലെ ഇലക്ഷനുമായി ബന്ധപ്പെട്ട ഡെപ്പോസിറ്റ് തുക 10500/- ഇപ്പോഴും നീക്കിയിരിപ്പിൽ തുടരുന്നു, തുക മുതൽക്കൂട്ടിയിട്ടില്ല. വരും വർഷത്തെ എ.എഫ്.എസ്-ൽ കുറവ് ചെയ്യുന്നതാണെന്നാണ് മറുപടി.
4. ബി-9 ഷെഡ്യൂളിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ബാധ്യത കാണിച്ചിട്ടുള്ളത് 81540/- രൂപയാണ്. എന്നാൽ പ്രതിമാസം ടി ഇനത്തിൽ വന്നിട്ടുള്ള ബാധ്യതയും തുടർമാസം ഒടുക്കുവരുത്തിയതും 48705/-രൂപയാണ്. 32835/-രൂപ അധികമായി ബാധ്യതയായി കാണിച്ചിരിക്കുന്നു. മുൻവർഷങ്ങളിൽ വന്നതാണ് എന്ന നിലയിലാണ് മറുപടി, ആയത് ഒടുക്കി എ.എഫ്.എസ്-ൽ കുറവ് വരുത്തുന്നതാണെന്ന് മറുപടി നല്കി.
5. വാറ്റ് ഇനത്തിലെ 2136/-രൂപ നിശ്ചിത ഹെഡിൽ അടവ് വരുത്തേണ്ടതാണ്.
6. ബി-18 ഷെഡ്യൂൾ: കേരള വാട്ടർ അതോറിറ്റിയിലേക്ക് 330000/-രൂപ മുൻകൂർ നല്കിയിട്ടുള്ളതായി കാണുന്നു. പ്രവർത്തി വാട്ടർ അതോറിറ്റി പൂർത്തീകരിച്ചതാണെന്നാണ് അറിയിച്ചത്. വിനിയോഗ സാക്ഷ്യപത്രം വാങ്ങിക്കൊണ്ട് എ.എഫ്.എസ്-ൽ തുക കുറവ് വരുത്തേണ്ടതാണ്.
7. കെ.എസ്.ഇ.ബി-യിലേക്ക് മുൻകൂർ നല്കിയ തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുള്ള

തുക നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. മുൻകൂർ തുക നല്കിയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കണം. 391168രൂപ മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയാണ്, ഫയൽ പരിശോധിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ എ.എഫ്.എസ്-ൽ തുക കുറവ് വരുത്തുന്നതാണെന്നാണ് മറുപടി നല്കിയിട്ടുള്ളത്.

(ഓഡിറ്റ് അന്വേഷണം 1/5.08.21)

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	8970886.95
വരവ്	59482369
ആകെ	68453255.95
ചെലവ്	54967553
നീക്കിയിരിപ്പ്	13485702.95

റസീറ്റ്& പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

ഫണ്ടിനം	മുൻബാക്കി	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സായത്
വികസനഫണ്ട് പൊതുവിഭാഗം	-	11037000	11037000	10763464	273536
വികസനഫണ്ട് എസ്.സി.പി.		6255000	6255000	5406079	848921
വികസനഫണ്ട് ടി.എസ്.പി.		88000	88000	0	88000
സംരക്ഷണഗ്രാന്റ് റോഡ്		16111000	16111000	8721310	7389690
സംരക്ഷണഗ്രാന്റ് നോൺറോഡ്		3251000	3251000	2770690	480310
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്		8439080	8439080	3518356	4920724

1-5 പദ്ധതി അവലോകനം

2019-20 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	പദ്ധതി ചെലവ് %	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്-ശതമാനം
144	81267367	96	41874263	51%	0	48	67%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	1946	901176	903122	540747	362375
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്		20473000	20473000	19570000	
ആകെ	1946	21374176	21376122	20110747	362375

അവലംബം: ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ. ഗ്രാമപഞ്ചായത്ത് റീക്കൂപ്പ് ചെയ്ത തുകകൾ ഉൾപ്പെട്ട വിവരം.

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	288960	183
കർഷകതൊഴിലാളി	1812000	327

പെൻഷൻ		
വിധവാപെൻഷൻ	4117800	716
വാർദ്ധക്യകാലപെൻഷൻ	10221300	2009
വികലാംഗപെൻഷൻ	1427300	262
അവിവാഹിത പെൻഷൻ	227400	42
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	270000	9

1-8 ക്യാഷ് വെരിഫിക്കേഷൻ

ഇതോടൊപ്പം പുറപ്പെടുവിക്കുന്ന 2020-21 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-8 കാണുക.

1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.
2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പ്രോജക്ട് ഫയലുകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.
3. കരാർ അടിസ്ഥാനത്തിൽ ജോലിനോക്കുന്ന തൊഴിലുറപ്പു വിഭാഗം ജീവനക്കാരുടെ സേവന പുസ്തകം പരിപാലിയ്ക്കപ്പെടുന്നില്ല.
4. പദ്ധതി നടത്തിപ്പിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും, സാങ്കേതിക നിർദ്ദേശങ്ങളും കൃത്യമായി പാലിക്കാതിരുന്നതു മൂലം അധിചെലവുണ്ടായതതായി പരിശോനയിൽ കണ്ടെത്തിയിട്ടുണ്ട്.
5. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.
6. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.
7. ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ മാന്വലായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇതിലേക്കായുള്ള സൂചിക സോഫ്റ്റ് വെയർ കാലികമാക്കപ്പെടാത്തതുമൂലം തീർപ്പാക്കത്തതായുള്ള ഫയലുകളുകളുടെ എണ്ണം വളരെ കൂടുതലാണ്.
8. പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

മേൽ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

1-10 ടെണ്ടർഫീസ് - പഞ്ചായത്തിന് തിരികെ ലഭിക്കനുള്ളത് 37194/-രൂപ

ഗ്രാമപഞ്ചായത്ത് 2019-20 വർഷം ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 37194/- രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയിരുന്നു. എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ ഓൺലൈനായി ക്രെഡിറ്റ് വന്ന ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണെങ്കിലും ഓഡിറ്റ് സമയം വരേക്കും തിരികെ ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	ഇ-ടെന്റർ മുഖേന നടപ്പാക്കിയ പ്രവർത്തി കളുടെ എണ്ണം	ടെന്റർ ഫീസിനത്തിൽ ഒടുക്കിയ തുക	തിരികെ ലഭിച്ച തുക	ലഭിക്കാനുള്ള തുക

2019-20	10	37194	0	37194
ആകെ.		37194	0	37194

തൻവർഷത്തെ ടെന്ററ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള 37194/- രൂപയും, മുൻവർഷങ്ങളിലേതായി ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-11 സി.ആർ.ഇസഡ് സോണിലെ അനധികൃതനിർമ്മാണങ്ങൾക്ക് നികുതി നിശ്ചയിക്കാൻ സാധിക്കാതെ വരുന്നു

ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും കായലോര മേഖലയായതിനാൽ സി.ആർ.ഇസഡ് സോൺ പരിധി ലംഘിച്ച് കൊണ്ടുള്ള നിർമ്മാണങ്ങൾ ധാരാളമായുണ്ട്. ഇതോടൊപ്പം കെ.പി.ബി. ആർ ചട്ടങ്ങൾ ലംഘിച്ച് കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളും നിലവിലുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ സി.ആർ.ഇസഡ് പരിധി ലംഘിച്ച ഒരു കെട്ടിടവും **കെ.പി.ബി.ആർ ചട്ടം ലംഘിച്ച 59 കെട്ടിടങ്ങളുമാണുള്ളത്** (2015-16 മുതൽ 2019-20 വരെയുള്ള കണക്കുകൾ). ടി നിർമ്മാണങ്ങളുടെ വസ്തു നികുതിയായി യഥാർത്ഥ വസ്തു നികുതിയോടൊപ്പം പിഴ ഇനത്തിൽ രണ്ടിരട്ടി വസ്തു നികുതി കൂടി ഈടാക്കി വരുന്നു.

CRZ സോണിൽ ഉൾപ്പെട്ടതും ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമായ സ്ഥലങ്ങളിൽ നിരവധി അനധികൃത നിർമ്മാണങ്ങൾ നടന്നിട്ടുണ്ട്. പഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം ഈ വിധത്തിലുള്ള 28 കെട്ടിടങ്ങൾ ആണ് ഗ്രാമപഞ്ചായത്തിലുള്ളത്. പൂർണ്ണമായും നിയമങ്ങൾ ലംഘിച്ചുകൊണ്ടുള്ള നിർമ്മിതികൾ ആകയാൽ ഈ കെട്ടിട ഉടമകളിൽ നിന്നും പഞ്ചായത്തിന് നിലവിൽ വസ്തുനികുതിയിനത്തിൽ തുകയൊന്നും ഈടാക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു.

1-12 തൊഴിൽ നികുതി - പൂർണ്ണമായ തോതിൽ പിരിച്ചെടുക്കാൻ കഴിയുന്നില്ല

ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ലിസ്റ്റിൽ ഉൾപ്പെട്ട് നികുതി അടയ്ക്കുന്ന 35 സർക്കാർ, പൊതുമേഖലാ, ധനകാര്യ സ്ഥാപനങ്ങളും 213 വ്യാപാര സ്ഥാപനങ്ങളുമാണുള്ളത് (2019-20 ലെ വിവരങ്ങൾ). 2019-20 വർഷത്തിൽ ലഭിച്ച തൊഴിൽ നികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

2019-20	850380

വാർഷിക കണക്ക് പ്രകാരം പിരിച്ചെടുക്കാൻ തുകകൾ അവശേഷിക്കാത്തതിനാൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചതായി വ്യക്തമാകുന്നു. നികുതി ഡിമാന്റ് ചെയ്യുന്നതിലും പിരിച്ചെടുക്കുന്നതിലുണ്ടാകുന്ന വീഴ്ചകൾ ഒഴിവാക്കേണ്ടതാണ്.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ വ്യാപാരികൾ, കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ഇവരിൽ നിന്ന് കൃത്യമായി തൊഴിൽ നികുതി പരിച്ചെടുക്കാതിരുന്നത് വരുമാന നഷ്ടത്തിന് ഇടയാക്കി.
2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന കേറ്ററിംഗ് സ്ഥാപനങ്ങൾ മുതലായ അസംഘടിത മേഖലകളിൽ പ്രവർത്തിക്കുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല. അസംഘടിത മേഖലകളിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് ലഭിക്കുമായിരുന്ന വരുമാനം നഷ്ടപ്പെടാൻ കാരണമായി.
3. പഞ്ചായത്ത് പരിധിയിൽ ഓൺലൈൻ വ്യാപാരക്കമ്പനികൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ചുമത്തി ഈടാക്കിയിട്ടില്ലാത്തതിനാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നു.
4. കായലോര മേഖലയായതിനാൽ ടൂറിസത്തിന് വൻ സാദ്ധ്യതയുള്ള പ്രദേശമാണിത്. ഈ സാദ്ധ്യത മുതലെടുത്ത് ബോട്ടിംഗ് മുതലായ ടൂറിസം സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുകയും അത് വഴി ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ തുക ഈടാക്കാവുന്നതുമാണ്.

1-13 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ- 2.50 ലക്ഷത്തിന് മുകളിലുള്ള വാങ്ങലിൽ സോഴ്സിൽ നിന്ന് തുക കുറവ് ചെയ്തില്ല

ഐ സി ഡി എസ് സൂപ്പർവൈസർ മുഖേന നടപ്പാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ

പ്രോജക്ടിൽ (S0031/20) 90 കട്ടിലുകൾ 4350/- രൂപ നിരക്കിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ആലുവയിൽ നിന്ന് വാങ്ങിയതിന് 391500/- രൂപ (ബിൽ നം.24/6.12.2019) ചെലവഴിച്ചിട്ടുണ്ട്. ജി എസ് റ്റി നിയമം സെക്ഷൻ 51 പ്രകാരം 2.50 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകളിൽ ജി എസ് റ്റി കഴിച്ചുള്ള തുകയിൽ നിന്ന് 2% തുക സോഴ്സിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്. ഇതിൻ പ്രകാരം ജി എസ് റ്റി തുക 59720/- രൂപ കഴിച്ചുള്ള 331780/- രൂപയുടെ 2% തുകയായ 6636/- രൂപ സോഴ്സിൽ നിന്ന് കുറവ് ചെയ്ത് ജി എസ് റ്റി വകുപ്പിൽ അടയ്ക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം തുക കുറവ് ചെയ്തിട്ടില്ല. ജി എസ് റ്റി ഇനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം ജി എസ് റ്റി വകുപ്പിൽ അടച്ച് ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-14 ബേം കട്ടിങ്ങിന് ക്രമവിരുദ്ധമായി അധിക നിരക്ക്-30827/-രൂപയുടെ അധികചെലവ്

പഞ്ചായത്തിൽ 19-20വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ബേം കോൺക്രീറ്റിംഗിന്റെ ഭാഗമായുള്ള കുഴിക്കലിന് 553.17/m^3 നിരക്കിൽ തുക അനുവദിക്കുകയും, കരാറുകാർ ക്വാട്ട് ചെയ്ത നിരക്കിൽ തുക അനുവദിക്കുയും ചെയ്തു. 10cm മുതൽ 15cmവരെ ആഴത്തിലുള്ള കുഴിക്കലിനാണ് ഇപ്രകാരം നിരക്ക് അനുവദിച്ചിട്ടുള്ളത്. 11.1.1.1 എന്ന Specification Code ൽ ഉള്ള ഇനമാണ് എസ്റ്റിമേറ്റിൽ ഇതിലേക്കായി ഉൾപ്പെടുത്തിയിട്ടുള്ളത് (Earthwork In Excavation For Structures........backfilling In Trenches With Excavated Suitable Material). എന്നാൽ ഇതേകാലയളവിൽ സാങ്കേതികാനുമതി നൽകിയതും, എഗ്രിമെന്റ് വച്ച് നടപ്പാക്കിയതുമായ ചിലപ്രവൃത്തികളിൽ ഇതേ ഇനത്തിന് അനുവദിച്ചിട്ടുള്ള നിരക്ക് 259.29/m^{3}മാത്രമാണ്(Specification Code 3.5.1).

ഉദാ: കൈതാൽ-അടമ്പുംതറ ജില്ലാഅതിർത്തി റോഡ് റീടാറിങ്ങ് (പ്രോജക്ട് നം :66/20, എഗ്രിമെന്റ് നം: 14/19-20/19-9-19).

കൂടാതെ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ കെട്ടിടനിർമ്മാണ പ്രവൃത്തികളിൽ ഫൗണ്ടേഷനുവേണ്ടിയുള്ള കുഴിക്കലിനും അനുവദിച്ചിട്ടുള്ള നിരക്കും 259.29/m^3 മാത്രമാണ്. അങ്ങനെയിരിക്കെ ചില പ്രവൃത്തികളിൽ മാത്രം 15cm താഴെമാത്രമുള്ള കഴിക്കലിന് ഉയർന്ന നിരക്ക് അനുവദിച്ച നടപടി ക്രമപ്രകാരമല്ല.

ബേം കട്ടിങ്ങിന് അധികനിരക്ക് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേരും പ്രോജക്ട് നംപരും	കരാറുകാരൻ	ബേം കട്ടിങ്ങ് നടത്തിയ അളവ് (M^3)	അനുവദിച്ച തുക	അനുവദനീയമായ തുക (259.29/m^3)	അധികം	എം ബുക്ക് നം	ബിൽ നം/ തീയതി
മഹിളാ മുക്ക് വേണാട്ട്ശ്ശേരി റോഡ് മെയിന്റനൻസ് (68/20)	എം കെ ജയചന്ദ്രൻ	62.25	31125 (@500/m^3)	16141	14984	43/ 19-20	53/ 23.3.20
ഗുരുമന്ദിരം മുട്ടത്തുമണ്ണേൽ മണിപുരം റോഡ് റീടാറിങ്ങ്" (പ്രോജക്ട് നം.74/20)	എം ഡി അനിൽകുമാർ	31.25	17100 (@547.19/m^3)	8103	8997	33/ 19-20 54/ 19-20	32,33/ 23.2.20
പുത്തൻവീട് ജംഗ്ഷൻ-വാഴോട്ടു പാലം ദേവികളങ്ങര ക്ഷേത്രം വാഴോട്ടുപാലം റോഡ് പുനരുദ്ധാരണം (61/20)	എം കെ ജയചന്ദ്രൻ	28.44	14220 (@500/m^3)	7374	6846	36/ 19-20 39/ 19-20	40/ 26.2.20
ആകെ					30827		

മുകളിൽ പ്രതിപാദിച്ച "ഗുരുമന്ദിരം മുട്ടത്തുമണ്ണേൽ മണിപുരം റോഡ് റീടാറിങ്ങ്"(പ്രോജക്ട്നം.74/20)

എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഓടക്കു വേണ്ടി 80cm ആഴമുള്ള കുഴിക്കലിന് 259.29/m^3 നിരക്കും, ബേം കട്ടിങ്ങിന് വേണ്ടി 10cm ആഴമുള്ള കുഴിക്കലിന് 553.17/m^3 നിരക്കുമാണ് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം ബേം കട്ടിങ്ങിന് ക്രമവിരുദ്ധമായി അധിക നിരക്ക് അനുവദിച്ചതിൻമേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം : 5/11-8-21) ബേം കോൺക്രീറ്റിനായുള്ള കുഴിക്കലിന് തൂമ്പ, പിക്കാസ് മുതലായ മെഷിനറി ആവശ്യമുള്ളതിനാൽ സാധാരണ നൽകാറുള്ള സ്പെസിഫിക്കേഷൻ മതിയാകില്ലെന്നും, ആയതിനാൽ Excavation For Structure എന്ന സ്പെസിഫിക്കേഷൻ നൽകുകയും, Loosy Soil ഉള്ള പ്രദേശങ്ങളിൽ 3.5.1 എന്ന സ്പെസിഫിക്കേഷൻ നൽകുകയും ചെയ്തുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. കെട്ടിട നിർമ്മാണ പ്രവൃത്തികളിലും ഓടനിർമ്മാണ പ്രവൃത്തികളിലും അതാത് പ്രദേശത്തെ അവസ്ഥക്കനുസരിച്ചാണ് നിരക്ക് നൽകിയതെന്നും ടിയാൾ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 3.5.1 എന്ന സ്പെസിഫിക്കേഷനിൽ മെക്കാനിക്കൽ എസ്കവേഷനുള്ള നിരക്ക് ഉൾപ്പെട്ടതാണ്. കായലോര പ്രദേശങ്ങൾ മാത്രമുൾപ്പടുന്ന ഈ പഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിനും ഓട നിർമ്മാണത്തിനുമായുള്ള ആഴത്തിലുള്ള കുഴിക്കലിന് കുറഞ്ഞ നിരക്കും, ഇതേ സമയം നടപ്പാക്കിയ പ്രവൃത്തികളിൽ ബേം കട്ടിങ്ങിനു വേണ്ടിയുള്ള 10cm മാത്രം ആഴമുള്ള കുഴിക്കലിന് ഉയർന്ന നിരക്കും അനുവദിച്ചതിന് മുകളിൽ പ്രതിപാദിച്ച മറുപടി അംഗീകരിക്കാവുന്നതല്ല. ആകയാൽ ഈയിനത്തിലുള്ള 30827/-രൂപയുടെ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കി ഒടുക്കാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയതും സാങ്കേതികാനുമതി നൽകിയതുമായ ഉദ്യോഗസ്ഥരുടെ ബാധ്യതയായിരിക്കുന്നതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

1.ശ്രീമതി ബീന.എ), ഇ.ഇ (14984+8997)/2=11991

2.ശ്രീമതി നിത്യ ഗോപിനാഥൻ, എ).ഇ (14984+8997)/2=11990+

6846/2=3423

ആകെ:15413

3.ശ്രീ.പെന്റാലിയോൺ, എ).ഇ.ഇ, (6846/2=3423)

1-15 ആനക്കുന്നേൽമുക്ക് നെൽവിളാകം റോഡ് രണ്ടാം മെറ്റലിംഗ്, ടാറിംഗ് & കോൺക്രീറ്റ് ഓടനിർമ്മാണം-രണ്ടു വർഷങ്ങൾക്കു ശേഷവും പ്രവൃത്തി നിർവ്വഹണം പാതിവഴിയിൽ

പ്രോജക്ടിന്റെ പേര്	ആനക്കുന്നേൽമുക്ക് നെൽവിളാകം റോഡ് രണ്ടാം മെറ്റലിംഗ്, ടാറിംഗ് & കോൺക്രീറ്റ് ഓടനിർമ്മാണം
പ്രോജക്ട് നം	So 118/20
എസ്റ്റിമേറ്റ്	900000
കരാറുകാരന്	എം കെ ജയചന്ദ്രൻ
പി എ സി	888908
എഗ്രിമന്റ് നം/തീയതി	15/18-19/10-01-19
അളവു പുസ്തക നം	27/2018-19
പിൻവലിച്ച തുക	434873
ബിൽ നം /തീയതി	22/19-8-19

പഞ്ചായത്തിന്റെ 8-ാം വാർഡിലെ ആനക്കുന്നേൽ മുക്ക്-നെൽവിളാകം റോഡിന്റെ 255മീറ്റർ ഭാഗം രണ്ടാം മെറ്റലിംഗ് നടത്തി ടാർ ചെയ്യുന്നതിനും, 120മീറ്റർ നീളത്തിൽ ഓട നിർമ്മിക്കുന്നതിനായുമുള്ള പ്രവൃത്തിയുടെ നിർവ്വഹണമാണ് കരാറുകാരനെ ചുമതലപ്പെടുത്തിയിരുന്നത്. 10-1-19 ൽ ആരംഭിച്ച

പ്രവൃത്തി 20-3-19 ൽ ഭാഗികമായി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന് 434873/-രൂപ മൂല്യനിർണ്ണയം നടത്തുകയും, റിട്ടെൻഷൻ (10872/-), നികുതികൾ എന്നിവ കഴിച്ച് 402660/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ തുടർന്ന് കാരാറുകാരൻ പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയോ ഇതിൻമേൽ എതെങ്കിലും തുടർനടപടി സ്വീകരിച്ചതായോ രേഖയില്ല. തുടർവർഷം ഇത് സ്പിൽഓവറായി ഉൾപ്പെടുത്തിയതായും രേഖയില്ല. പ്രവൃത്തി നടത്താത്തതിൻമേൽ കരാറുകാരൻ ഏതെങ്കിലും അപേക്ഷ സമർപ്പിച്ചതായോ, ഇത് നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്തു കമ്മിറ്റിയെ അറിയിച്ചതായോ, ഇതിൻമേൽ പഞ്ചായത്തു കമ്മിറ്റി ഏതെങ്കിലും തീരുമാനമെടുത്തതായോ രേഖയില്ല. ഇതുസംബന്ധമായി വിശദീകരണം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 4/10-8-21) “20-21 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രളയാനന്തര അറ്റകുറ്റപണികൾ ഉൾപ്പടെയുള്ള അടിയന്തിര പ്രാധാന്യമുള്ള പദ്ധതികൾ ഉപേക്ഷിക്കാതിരിക്കുന്നതിനാണ് നിലവിൽ രണ്ടാം മെറ്റലിംഗ് നടത്തി ടാറിംഗ് പൂർത്തിയാക്കി ഗതാഗത യോഗ്യമായ ടി റോഡിൽ ഓടനിർമ്മിക്കുന്നതിനായി അവശേഷിച്ച തുകക്കുള്ള പദ്ധതി തുടർവർഷം ഉൾപ്പെടുത്താതിരുന്നത്" എന്ന് നിർവ്വഹണ ഉദ്യേഗസ്ഥ മറുപടി ലഭ്യമാക്കി. എന്നാൽ എഗ്രിമെന്റ് ചമച്ച് കരാറുകാരൻ ഏറ്റെടുത്ത പ്രവൃത്തി യഥാസമയം നിരവ്വഹിക്കാതിരുന്നതിൻമേലും, തുടർവർഷം സ്പിൽഓവറായി ഉൾപ്പെടുത്താതിരുന്നതിൻമേലും ഫയലിൽ രേഖയൊന്നും ഇല്ല. പ്രവൃത്തി ഉപേക്ഷിച്ചതായി പഞ്ചായത്തു കമ്മിറ്റി തീരുമാനമെടുത്തതായും രേഖയില്ല. ആകയാൽ ഈ വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു. ഏറ്റെടുത്ത പ്രവൃത്തി കരാറുകാരൻ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ചെലവുതുകയായ 434873/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

1-16 കാര്യാടിക്കുളം ശക്തികുളങ്ങര റോഡ് സംരക്ഷണം-നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

പ്രോജക്ടിന്റെ പേര്	കാര്യാടിക്കുളം ശക്തികുളങ്ങര റോഡ് സംരക്ഷണം
പ്രോജക്ട് നം	So 120/20
എസ്റ്റിമേറ്റ്	900000
കരാറുകാരൻ	എം കെ ജയചന്ദ്രൻ
പി എ സി	888522
എഗ്രിമെന്റ് നം/ തീയതി	17/18-19/10-01-19
അളവു പുസ്തക നം.	22/2019-20
പിൻവലിച്ച തുക	830741
ബിൽ നം/തീയതി	23/21-8-19

എ)കാര്യാടിക്കുളത്തിന്റെ പാർശ്വഭിത്തി സംരക്ഷണവും സൈഡ്ഫില്ലിംങ്ങും, കാനയുടെ നിർമ്മാണവും ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് കാന നിർമ്മാണം ഒഴിവാക്കി 19-1-19 ലെ കമ്മിറ്റി തീരുമാനപ്രകാരം (തീരുമാനം 1-3) പുതുക്കുകയും, ആയതിന് 23-1-19 ൽ പുതുക്കിയ സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം നാലുമാസമായിരുന്നു നിർവ്വഹണ കാലയളവ്. എഗ്രിമെന്റ് പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ കാലയളവ് ദീർഘിപ്പിക്കുവാൻ 10-7-19ൽ കൂടിയ പഞ്ചായത്തുകമ്മിറ്റി അനുമതി നൽകിയിരുന്നു (തീരുമാനം:7-8). ഇതനുസരിച്ച് 22-5-19 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു ഈ പ്രവൃത്തി. എന്നാൽ ടിയാൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 14-6-19 ൽ മാത്രമാണ്. നിശ്ചിതകാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത മരാമത്ത് വർക്കുകളുടെ ബില്ലിൽ നിന്നും ആദ്യത്തെ മൂന്നുമാസം വരെയുള്ള കാലതാമസത്തിന് കരാർ തുകയുടെ 1% വും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) പിന്നീടുള്ള ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2 % വും ഫൈൻ ഈടാക്കാവുന്നതാണ് (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000). യഥാസമയം പൂർത്തീകരിച്ചിട്ടില്ലാത്ത ഈ പ്രവൃത്തിയുടെ കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ, പിഴ ഈടാക്കിക്കൊണ്ട് കരാർ കാലയളവ് ദീർഘിപ്പിക്കുകയോ സപ്ലിമെന്ററി കരാർ ഉണ്ടാക്കുകയോചെയ്തിട്ടില്ല. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തി പൂർത്തീ-കരിക്കേണ്ടിയിരുന്ന തീയതി	പൂർത്തീകരിച്ച തീയതി	ഈടാക്കേണ്ടിയിരുന്ന ഫൈൻ(1%)
22.05.19	14.06.19	8885

കരാറുകാരനിൽ നിന്ന് പിഴ ഈടാക്കാതിരുന്നതിൻമേൽ വിശദീകരണം ഹാജരാക്കുവാൻ ആവശ്യപെട്ടുനൽകിയ ഓഡിറ്റ് അന്വേഷത്തിന് (നം 6/13-8-21) എസ്റ്റിമേറ്റ് പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ കാലയളവ് ദീർഘിപ്പിക്കുവാൻ 10-7-19ൽ കൂടിയ പഞ്ചായത്തുകമ്മിറ്റി അനുമതി നൽകിയിരുന്നതിനാലാണ് പിഴ ഈടാക്കാതിരുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി.എന്നാൽ എസ്റ്റിമേറ്റ് പുതുക്കിയതീയതി മുതൽ നാലുമാസത്തിനുള്ളിലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ശേഷിച്ച കാലയളവിന് നിയമാനുസൃത പിഴചുമത്തേണ്ടതായിരുന്നുവെന്നതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. ആകയാൽ പിഴയിനത്തിലുള്ള തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ബി) ഈ പ്രവൃത്തിയുടെ നിർവ്വഹണഭാഗമായി നടത്തിയ കുഴിക്കലിലൂടെ 116.466m^3 മണ്ണ് ലഭിച്ചിരുന്നു. ഈ മണ്ണ് പൂർണ്ണമായും ബാക്ക് ഫില്ലിംങ്ങിന് ഉപയോഗിച്ചുവെന്നാണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതേവർഷം ഇതേ കരാറുകാരനെക്കൊണ്ട് നിർവ്വഹിച്ച "കാര്യാടിക്കുളം നവീകരണം" എന്ന പദ്ധതിയിൽ(പ്രോജക്ട്:135/21) ഉൾപ്പെടുത്തി ഈ കുളത്തിന്റെ പടിഞ്ഞാറു വശവും തെക്കുവശവും റോഡിനോടു ചേർന്ന 37.15m ഭാഗത്ത് 4.272m^3 ക്വാറിമക്ക് ഫില്ലുചെയ്ത് അവിടെ Interlock ചെയ്യുകയും, 121444/-ഈ പ്രവൃത്തിക്കായി പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അസി.എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ 5-8-21ൽ നടത്തിയ ഭൗതിക പരിശോധനയിൽ കുളത്തിന്റെ തെക്കുഭാഗത്ത് ഫില്ലുചെയ്ത ഭാഗം ഇടിഞ്ഞുതാണിട്ടുള്ളതായും, ഇതുമൂലം Interlock പലഭാഗത്തും ഇളകി മാറിയതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത്രയും ചുരുങ്ങിയ സ്ഥലത്ത് 120m^3 നു മേൽ ഫില്ലിംഗ് നടത്തിയിട്ടും പ്രവൃത്തി പൂർത്തീകരിച്ച് അധികകാലം ആകുന്നതിന് മുന്നേ ടി സ്ഥലം മേൽപറഞ്ഞ പ്രകാരം ഇടിഞ്ഞുതാഴ്ന്നു എന്നത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതയായി വിലയിരുത്തുന്നു. ഇതിൻമേൽ വിശദീകരണം ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 6/13-8-21) ഭാരമേറിയ വാഹനങ്ങൾ സഞ്ചരിക്കുകയോ പാർക്കു ചെയ്തതോ മൂലമാവാം Interlock പലഭാഗത്തും ഇളകി മാറിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നല്കി. എന്നാൽ ടി പ്രവൃത്തിയുടെ സെക്യൂരിറ്റി കാലാവധി കഴിയാത്തതിനാൽ ടി കരാറുകാരനെകൊണ്ട് ടി പ്രവൃത്തിയുടെ Interlock പൂർവ്വസ്ഥിതിയിൽ ആക്കുന്നതാണെന്നും ടിയാൾ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു.

1-17 ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച

പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ മുഴുവൻ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പരിശോധനയ്ക്കു ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ അപൂർണ്ണവും, രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തൽ വരുത്താത്തവയുമാണ്.
2. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളിന്മേൽ ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന നിർമ്മാണ പ്രവൃത്തിയുടെ വിവരം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.
3. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് എം.പി/എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.
4. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും അവ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.
5. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും സൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കാത്തത് പ്രവൃത്തികളുടെ ഇരട്ടിപ്പിനും അതുവഴി അധികചെലവിനും, ആസ്തികളുടെ കയ്യേറ്റത്തിനും ഇടയാക്കുമെന്നതിനാൽ അപാകതകൾ പരിഹരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-18 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയിൽ സാമ്പത്തിക വർഷം 60 റോഡ് കോൺക്രീറ്റ് പ്രവർത്തികൾ ഉൾപ്പെടെ 114 പ്രവർത്തികളാണ് നടപ്പാക്കപ്പെട്ടത്. 2019-20 വരെ ആകെ 5157 പേരാണ് തൊഴിലിന് രജിസ്റ്റർ ചെയ്തിരുന്നത്. 2019-20ലെ മാത്രം രജിസ്ട്രേഷൻ 63 ആണ്. 42691 മനുഷ്യദിനം പ്രവർത്തികൾ നിർവ്വഹിക്കപ്പെട്ടു. 100 ദിവസം തൊഴിൽ ലഭിച്ച 8 കുടുംബങ്ങളുണ്ട്.

ശമ്പളം ഉൾപ്പെടെ ഭരണച്ചെലവ് 1260747/- രൂപയാണ്. വേതനം/മെറ്റീരിയൽ/സ്കിൽഡ്/സെമി സ്കിൽഡ് ഇനത്തിലെ ചെലവിന്റെ വിശദവിവരം:

2019-20-ലെ വേതന ചെലവ് വിവരം:

സാമ്പത്തിക വർഷത്തെ ആകെ ചെലവ്: 11744661/-

2018-19ലേക്കുള്ള ചെലവ് തൻവർഷം: 1815252/-

2016-17ലേക്കുള്ള ചെലവ് തൻവർഷം: 4320/-

വേതനം ഇനത്തിൽ ആകെ: 13564233/-

മെറ്റീരിയൽ ചെലവ് വിവരം:

സാമ്പത്തിക വർഷത്തെ ആകെ ചെലവ്: 1366686/-

2018-19ലേക്കുള്ള ചെലവ് തൻവർഷം: 3929047/-

മെറ്റീരിയൽ ഇനത്തിൽ ആകെ: 5295733.47/-

സ്കിൽഡ്/ സെമി സ്കിൽഡ് ഇനത്തിൽ:

സാമ്പത്തിക വർഷത്തെ ആകെ ചെലവ്: 357000/-

2018-19ലേക്കുള്ള ചെലവ്: 357200/-

സ്കിൽഡ്/ സെമി സ്കിൽഡ് ഇനത്തിൽ ആകെ: 714200/-

അംഗീകാരം ലഭിച്ച പദ്ധതികൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിനും,ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അതുവഴി രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും 100 തൊഴിൽദിനങ്ങൾ എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-19 തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ-രേഖകൾ അപൂർണ്ണം

വി.ഇ.ഒ നിർവ്വഹിച്ച തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ പ്രോജക്ടുകളിൽ സബ്സിഡി മാർഗ്ഗരേഖ, സ.ഉ(കൈ)നം.22/2018/തസ്വഭവ, 14.02.2018 ഖണ്ഡിക 6.6ൽ 4) പ്രകാരം കിണറുകളുടെ ഉൾവശം സിമന്റ് പൂശുക, ചുറ്റുമതിൽ കെട്ടുക, പ്ലാറ്റ്ഫോം നിർമ്മിക്കുക, മലിനജലം ഒഴുകിപ്പോകുന്നതിന് ചാൽ നിർമ്മിക്കുക, മുകൾ ഭാഗത്ത് സംരക്ഷണ വല കെട്ടുക എന്നീ പ്രവർത്തികൾക്കായാണ് പരമാവധി 6000/-രൂപ പൊതുവിഭാഗത്തിനും യഥാർത്ഥ ചെലവ് പട്ടിക ജാതി/വർഗ്ഗ വിഭാഗത്തിനും നല്കാവുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കപ്പെട്ടിട്ടുള്ള പ്രോജക്ടുകളിലെല്ലാം കേവലം വാല്യുവേഷൻ മാത്രമാണുള്ളത്. എന്തെല്ലാം പ്രവർത്തികളാണ് നിർവ്വഹിക്കപ്പെട്ടിട്ടുള്ളതെന്ന് ഗുണഭോക്താവിന്റെ അപേക്ഷയിലോ വാല്യുവേഷനിലോ പരാമർശവുമില്ല. ഇതിനാൽ ഏതെല്ലാം പ്രവർത്തികളാണ് നിർവ്വഹിക്കപ്പെട്ടത് എന്നത് നിരീക്ഷിക്കപ്പെടുന്നില്ലെന്ന് കാണുന്നു. പ്രോജക്ടിന്റെ സുതാര്യതയെ ഇത് ബാധിക്കുന്നു. കൂടാതെ, മുൻവർഷങ്ങളിൽ ഇത് സംബന്ധിച്ച ആനുകൂല്യം ലഭിച്ചിട്ടില്ലാത്തവർക്ക് മാത്രമാണ് അർഹതയെന്നിരിക്കിലും ഇപ്രകാരമൊരു പരിശോധനയോ സാക്ഷ്യപ്പെടുത്തലോ ഫയലിൽ ഇല്ല.

2019-20ൽ നടപ്പാക്കിയ പദ്ധതികൾ:

1. നം.13/20, ജനറൽ വിഭാഗത്തിനായി നടപ്പിലാക്കിയത്. ചെലവ്: 186000/- രൂപ
2. നം.15/20, എസ്.സി വിഭാഗത്തിനായി നടപ്പാക്കിയത്. ചെലവ്: 78000/- രൂപ

പൊതുവിഭാഗത്തിനായുള്ള പ്രോജക്ട് 2020-21ൽ സ്പിൽ ഓവറായും നടപ്പാക്കി (പ്രോജ.നം.139/21, ജനറൽ വിഭാഗത്തിനായി നടപ്പിലാക്കിയത്. ചെലവ്: 12000/-)

ചെയ്തിട്ടുള്ള പ്രവർത്തികളെ സംബന്ധിച്ച റിപ്പോർട്ടുകൾ ഫയലിൽ ഉൾപ്പെടുത്താതെ വരുന്ന അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതുണ്ട്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2019-20	1100000	ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് വീട്	440000	660000
ബ്ലോക്ക് പഞ്ചായത്ത്	2019-20	300000	ബഡ്സ് സ്കൂൾ നടത്തിപ്പ്	300000	0
ജില്ലാ പഞ്ചായത്ത്	2018-19	241220	ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് വീട്-എസ്.സി	160000	81220
ജില്ലാ പഞ്ചായത്ത്	2019-20	100000	അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി	100000	ഇല്ല
ബ്ലോക്ക് പഞ്ചായത്ത്	2019-20	200000	പാൽ സബ്സിഡി	200000	ഇല്ല
ബ്ലോക്ക് പഞ്ചായത്ത്	2019-20	100000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	100000	ഇല്ല

4-2 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

നല്കിയിട്ടില്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു-

വായ്പയുടെ പേര്/ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവനപദ്ധതി		1500000	11131029	1044118	-	11586911

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9855/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	വൌച്ചർ നമ്പർ/ തീയതി
2015-16	3-3	3441	എ.ഇ, എൽ.എസ്.ജി.ഡി	119010100499/11.06.2019
2017-18	3-5	2222	സ്വാമിനാഥൻ, എസ്.എൻ	119010101110/06.09.2019

			പാലസ്	
2018-19	3-8	4192	കൃഷി ഓഫീസർ	119010103233/09.01.2020

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ-
വിവരം ലഭ്യമല്ല.

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	59482369
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	54967553
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	30827
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	434873

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
1-14		11991	ശ്രീമതി ബീന.എ), എക്സി.എഞ്ചിനീയർ
1-14		15413	ശ്രീമതി നിത്യ ഗോപിനാഥൻ, അസി.എഞ്ചിനീയർ
1-14		3423	ശ്രീ.പെന്റാലിയോൺ, അസി.എക്സി.എഞ്ചിനീയർ
ആകെ		30827	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ക്രമ നം	ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1	1-15	434873	ശ്രീമതി നിത്യാ ഗോപിനാഥൻ, എ.ഇ
	ആകെ	434873	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	ഇനം	തുക
1-13	ജി എസ് റ്റി	6636

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
1	ശ്രീമതി. ബീന.എ), എക്സി.എഞ്ചിനീയർ	സൂപ്രണ്ടിംഗ് എഞ്ചിനീയർ, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ	പുളിയന്നാവിൽ, ഇഞ്ചവിള, പെരിനാട്, കൊല്ലം-691601
2	ശ്രീ.പെന്റാലിയോൺ.കെ.ജെ അസി.എക്സി.എൻജിനിയർ	വിരമിച്ചു	കൂട്ടുങ്കൽ, പുന്നപ്ര.പി.ഒ
3	ശ്രീമതി നിത്യാ ഗോപിനാഥൻ അസി.എഞ്ചിനീയർ	എ.ഇ, ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്,	ദ്വാരക, പൂങ്കുളം, വെള്ളായണി.പി.ഒ,

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
		വികാസ്ഭവൻ, തിരുവനന്തപുരം	തിരുവനന്തപുരം

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1995-96	എൽ.എഫ്.എ5-1832/11/2-2-2012
1997-98	എൽ.എഫ്.എ5-1832/11/2-2-2012
2000-01	എൽ.എഫ്.എ5-1832/11/2-2-2012
2001-02	എൽ.എഫ്.എ5-1832/11/2-2-2012
2002-03	എൽ.എഫ്.എ5-1832/11/2-2-2012
2003-04	എൽ.എഫ്.എ5-1832/11/2-2-2012
2004-05	എൽ.എഫ്.എ5-1832/11/2-2-2012
2005-06	എൽ.എഫ്.എ5-1832/11/2-2-2012
2006-07	എൽ.എഫ്.എ5-1577/13/16-05-14
2007-08	എൽ.എഫ്.എ5-1577/13/16-05-14
2008-09	എൽ.എഫ്.എ5-1577/13/16-05-14
2009-10	എൽ.എഫ്.എ5-1577/13/16-05-14
10-11, 11-12, 2012-13	എൽ.എഫ്.എ.പി6-191/2014, 5-8-14/10-10-14
2013-14	കെ.എസ്.എ-എഎൽ.പി/പി.11-1607/2015/18.12.15/31.12.15
2014-15	കെ.എസ്.എ.എൽ.പി.പി.11-630/16 തീയതി. 07.06.2016
2015-16	കെ.എസ്.എ.എൽ.പി.പി.11-20/16 തീയതി.25.01.2017/08.02.2017
2016-17	കെ.എസ്.എ.എൽ.പി.പി.11-862/17 തീയതി.07.07.2017
2017-18	കെ.എസ്.എ.എൽ.പി.പി.11-404/19 തീയതി.09.05.2019
2018-19	നം.കെ.എസ്.എ-എ.എൽ.പി/പി11-792/2019 തീയതി.10.10.2019

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 /തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്